കണ്ണൂർ സർവ്വകലാശാല

<u>(സംഗ്രഹം)</u>

2021-22 അധ്യയന വർഷം മുതൽ ഒന്നാം വർഷ ബിരുദപ്രവേശനത്തിന് ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിന് VHSE വിദ്യാർത്ഥികൾക്കുള്ള Entrepreneurship Development എന്ന വിഷയം കൂടി പരിഗണിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സിംഗിൾ വിൻഡോ

SWC/SWC/8815/2021 (I) — തീയതി: 18.07.2021

---

പരാമർശം:-1. 26.03.2021 തീയതിയിലെ ഉന്നതവിദ്യാഭ്യാസ(ബി) വകുപ്പിൽ നിന്നുള്ള കത്ത് നം. HEDN-B3/105/2021-HEDN

2. 16.04.2018 തീയതിയിലെ സർവകലാശാലാ ഉത്തരവ് നം. അക്കാദ് SWS/532/2018

3. 19.05.2021 തീയതിയിലെ അഡ്മിഷൻ കമ്മിറ്റി യോഗത്തിൻറെ മിനുട്സ്.

<u>ഉത്തരവ്</u>

1. പരാമർശം(1) പ്രകാരം, ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് വി.എച്ച്.എസ്.ഇ. വിജയിച്ച വിദ്യാർത്ഥികളുടെ ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ Vocational Subject, Entrepreneurship Development എന്നിവയുടെ മാർക്ക് കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ, വൊക്കേഷണൽ ഹയർ സെക്കൻററി വിങ്ങിലെ ജനറൽ എജ്യുക്കേഷൻ ഡയറക്ടർ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം ആവശ്യപ്പെട്ടിട്ടുണ്ട്.
2. പരാമർശം (2) പ്രകാരം, ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് വി.എച്ച്.എസ്.ഇ. വിജയിച്ച വിദ്യാർത്ഥികളുടെ ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ ഇംഗ്ലീഷ്(Part I) വിഷയത്തിൻറെ മാർക്ക് ഇരട്ടിപ്പിക്കുന്നതിനു പകരം ഹയർ സെക്കൻററിയിലെ സെക്കൻറ് ലാംഗ്വേജിൻറെ (Part II) മാർക്കിൻറെ സ്ഥാനത്ത് വി.എച്ച്.എസ്.ഇ. യിലെ വൊക്കേഷണൽ തിയറിയുടെ മാർക്ക് (വൊക്കേഷണൽ പ്രാക്ടിക്കൽ ഒഴിവാക്കി) പരിഗണിക്കാനും ഓപ്ഷണൽ വിഷയങ്ങൾക്ക് നിലവിലുള്ള രീതി തുടരാനും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
3. പരാമർശം(3) പ്രകാരം, ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് വി.എച്ച്.എസ്.ഇ. വിജയിച്ച വിദ്യാർത്ഥികളുടെ ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ Entrepreneurship Development എന്ന വിഷയത്തിൻറെ മാർക്ക് കൂടി പരിഗണിക്കുന്നതിനുള്ള അഡ്മിഷൻ കമ്മിറ്റിയുടെ ശിപാർശ ബഹു. വൈസ് ചാൻസലർ അംഗീകരിച്ചിട്ടുണ്ട്.
4. മേൽ പറഞ്ഞ ഉത്തരവ് പ്രകാരം ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് വി.എച്ച്.എസ്.ഇ. വിജയിച്ച വിദ്യാർത്ഥികളുടെ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിന് Entrepreneurship Development എന്ന വിഷയത്തിൻറെ മാർക്ക് കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.
5. പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ ഇതിൻ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.
6. തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

ബാലചന്ദ്രൻ വി കെ

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:1.ഗവൺമെൻറിൻറെ അഡീഷണൽ ചീഫ് സെക്രട്ടറി

ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ്

2. കോളേജ് പ്രിൻസിപ്പാൾമാർ

3.വെബ് മാനേജർ( വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

4. ഐ.ടി. സെൽ ഡയറക്ടർ

5. പരീക്ഷാ വിഭാഗം

പകർപ്പ്: 1.വി.സി.യുടെ പി.എസ്

2. പി.വി.സി./രജിസ്ട്രാർ/സി.ഇ. എന്നിവരുടെ പി.എ. മാർ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ